# Desabhimani
# 18 July 2018
# Kochi; Boat Capsized , Fisherman Went Missing

## വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളിയെ കാണാതായി

**കൊച്ചി**

ചിലവന്നൂർ കായലിൽ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളിയെ കാണാതായി. വൈറ്റില അമ്പേലിപാടം റോഡിൽ പുളിക്കതുണ്ടിയിൽ സുബ്രഹ്മണ്യ (46) നെയാണ് കാണാതായത്. രാത്രി എട്ടരയോടെയായിരുന്നു അപകടം. മറ്റ് രണ്ടു പേരോടൊപ്പം ചിലവന്നൂർ കായലിൽ മീൻപിടിക്കാൻ പോയതായിരുന്നു സുബ്രഹ്മണ്യൻ. രാത്രിയുണ്ടായ ശക്തമായ കാറ്റിലും മഴയിലുംപെട്ട് വള്ളം മറിയുകയായിരുന്നു. മറ്റ് രണ്ടുപേരെ സ്ഥലത്തുണ്ടായിരുന്ന മത്സ്യത്തൊഴിലാളികൾ രക്ഷപ്പെടുത്തി. ഒഴുക്കിൽപ്പെട്ടതിനാൽ സുബ്രഹ്മണ്യന് രക്ഷപ്പെടാനായില്ല. ഫയർഫോഴ്സും പൊലീസും കോസ്റ്റ് ഗാർഡും തെരച്ചിൽ നടത്തിവരുന്നു.